# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4549 — 26.06.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ലൂഡി ലൂയിസ്**<br>**,, ജോസഫ് വാഴക്കൻ**<br>**,, ബെന്നി ബെഹനാൻ**<br>**,, കെ.മുരളീധരൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായി കാലതാമസം വരുത്തുന്ന കരാറുകാർക്ക് പിഴ ചുമത്താനായി കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കാൻ കരാറുകാരന്റെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടാകുന്ന പക്ഷം, പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീഅറേഞ്ച് ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. |
| (ബി) ഇതിനായി കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കോൺട്രാക്ടേഴ്സ് രജിസ്ട്രേഷൻ നിയമം പരിഷ്ക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ കരാറുകാരന്റെയും പ്രവൃത്തികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് കോൺട്രാക്ടേഴ്സ് വർക്ക് രജിസ്റ്റർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഇതു കൂടി പരിശോധിച്ചശേഷം മാത്രമാകും പ്രസ്തുത കരാറുകാരന്റെ കരാർ പുതുക്കൽ നടപടികൾ ചെയ്യുന്നത്. |
| (സി) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്ന കരാറുകാരിൽ നിന്ന് കരാർ പ്രകാരം പിഴ ഈടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;<br>(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | **(സി)&(ഡി):**<br>കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് പിഴ ചുമത്താൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. പരിഷ്ക്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിൽ ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ